# അല്ലാഹുവിന്റെ ഔന്നിത്യത്തെ നിഷേധിക്കുന്ന ജമാഅത്തെ ഇസ്‌ലാമി

അൻവർ അബൂബക്കർ

അല്ലാഹുവും അവന്റെ പ്രവാചകനും അറിയിച്ചുതന്ന പ്രകാരമാണ് ഒരു മുസ്‌ലിം അല്ലാഹുവിൽ വിശ്വാസിക്കേണ്ടത്. അല്ലാഹുവെക്കുറിച്ച് പഠിക്കുമ്പോൾ ആദ്യമായി മനസിലാക്കാൻ ശ്രമിക്കേണ്ട ഒരു പ്രധാനപ്പെട്ട വിഷയമാണ് അവന്റെ ഔന്നിത്യം (علو). അത്യുന്നതനായ അല്ലാഹുവിന്റെ സ്വിഫത്തുകളെ നിഷേധിക്കുവാനോ ഉപമിക്കുവാനോ വ്യാഖ്യാനിക്കുവാനോ പാടുള്ളതല്ല എന്നതാണ് അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ വിശ്വാസം. അല്ലാഹു ഉപരിയിലുള്ളവനാണെന്ന വസ്തുതയെ നിഷേധിച്ചവരും, അവൻ അവന്റെ സിംഹാസനത്തിലാരോഹിതനായതിനെ പ്രമാണങ്ങൾക്കപ്പുറമായി വ്യഖ്യാനിക്കാൻ ശ്രമിച്ചവരും ചരിത്രത്തിൽ കഴിഞ്ഞുപോയിട്ടുണ്ട്. ഇത്തരം വ്യതിചലിച്ച വിശ്വാസത്തെ പ്രമാണങ്ങൾകൊണ്ട് നേരിട്ടവരാണ് പൂർവ്വസൂരികളായ പണ്ഡിതൻമാർ. എന്നിരുന്നാലും വ്യതിയാനത്തിന്റെ അവശിഷ്ടങ്ങൾ പേറിനടക്കുന്ന ഒരു വിഭാഗം എക്കാലഘട്ടത്തിലും ഉണ്ടാകാതിരിക്കില്ലല്ലോ. അത്തരത്തിൽ പെട്ട ഒരു വിഭാഗമാണ് അബുൽ അഅ്‌ലാ മൗദൂദിയുടെ ജമാഅത്തെ ഇസ്‌ലാമി. അല്ലാഹു സിംഹാസനത്തിൻമേൽ ആരോഹിതനായതിന്റെ ഉദ്ദേശ്യം പ്രപഞ്ചത്തിന്റെ അധികാരച്ചുമതലയേറ്റിരിക്കുകയാണെന്ന് വാദിച്ച അശ്അരികളുടെയും, മറ്റു ഇൽമുൽ കലാമിന്റെ വക്താക്കളുടെയും വാദത്തെ അതേപടി സ്വീകരിച്ചിരിക്കുകയാണ് ഇവർ. അത് മനസിലാക്കുവാൻ സൂറഃ അഅ്‌റാഫിലെ താഴെയുള്ള ആയത്തിന്റെ മൗദൂദിയൻ വാഖ്യാനം വായിച്ചാൽ മതിയാകുന്നതാണ്.

അല്ലാഹു പറയുന്നു:

إِنَّ رَبَّكُمُ ٱللَّهُ ٱلَّذِى خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ

“തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് ആറുദിവസങ്ങളിലായി ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനായ അല്ലാഹുവാകുന്നു. എന്നിട്ടവൻ സിംഹാസനാരോഹിതനായിരിക്കുന്നു” (അഅ്റാഫ് 54)

മേൽസൂചിപ്പിച്ച ആയത്തിന് മൗദൂദി നല്കിയ അർത്ഥം ‘സത്യത്തിൽ നിങ്ങളുടെ നാഥൻ അല്ലാഹു മാത്രമാകുന്നു. ആറു നാളിലായി വാനഭൂവനങ്ങൾ സൃഷ്ടിച്ചവൻ. അനന്തരം അവൻ തന്റെ സിംഹാസനത്തിൽ ഉപവിഷ്ഠനായി’. ഇനി മൗദൂദി പ്രസ്തുത ആയത്തിന് നല്കിയ വ്യാഖ്യാനം വായിക്കാം:

“استوى علي العرش എന്ന പ്രയോഗത്തിനാണ് ‘സിംഹാസനത്തിൽ ഉപവിഷ്ഠനായി’ എന്നർത്ഥം കൊടുത്തിരിക്കുന്നത്. അല്ലാഹുവിന്റെ ഈ സിംഹാസനാരോഹണം ഏതുതരത്തിലുള്ളതാണെന്നു മനസിലാക്കുക നമ്മെ സംബന്ധിച്ചിടത്തോളം പ്രയാസകരമാണ്. ഒരു പക്ഷേ അവൻ പ്രപഞ്ചത്തെ സൃഷ്ടിച്ച ശേഷം വല്ല സ്ഥലവും തന്റെ അനന്തസാമ്രാജ്യത്തിന്റെ തലസ്ഥാനമായി നിശ്ചയിച്ചിരിക്കാം. അവിടം അവന്റെ വെളിപാടുകളുടെ കേന്ദ്രമായി അംഗീകരിച്ചിരിക്കുകയുമാവാം. ആ വിശിഷ്ടസ്ഥാനത്തിനാവണം ‘അർശ്’ (സിംഹാസനം) എന്നു നാമകരണം ചെയ്തത്. സമസ്തലോകത്തിന് അസ്തിത്വത്തിന്റെയും ശക്തിയുടെയും അനുഗ്രഹം ചൊരിയുന്നതും പ്രപഞ്ചകാര്യങ്ങൾ നിയന്ത്രിക്കപ്പെടുന്നതും അവിടെനിന്നാവാം. അഥവാ ഭരണാധിപത്യമെന്ന് മാത്രവുമാവം സിംഹാസനത്തിന്റെ വിവക്ഷ. ‘സിംഹാസനത്തിൽ ഉപവിഷ്ഠനാവുക’ എന്നാൽ പ്രപഞ്ചസൃഷ്ടിക്ക് ശേഷം അല്ലാഹു ഭരണാധിപത്യത്തിന്റെ കടിഞ്ഞാൺ കയ്യിലെടുക്കുകയെന്നർത്ഥം.” (തഫ്ഹീമുൽ ഖുർആൻ, അഅ്റാഫ് 54 വ്യഖ്യാനം)

വാസ്തവത്തിൽ അല്ലാഹുവെക്കുറിച്ച് യഥാവിധി മനസിലാക്കാൻ മൗദൂദികൾക്ക് കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് ഇപ്രകാരമുള്ള പ്രസ്താവനകൾ അവരുടെ പേനത്തുമ്പുകളിൽ നിന്നും പുറപ്പെടുന്നത്. അല്ലാഹു ഉപരിയിലുള്ളവനാണെന്ന വിശ്വാസം സ്വീകരിക്കാൻ തയ്യാറാകാത്ത, ഇസ്ലാമിൽ നിന്നും വ്യതിചലിച്ചുപോയ ചിലരുടെ വിശ്വാസമാണ് മൗദൂദികൾ ഇന്നും പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്; അല്ലാഹു എല്ലാ സ്ഥലത്തും ഹാജറുള്ളവനാണെന്ന

വഴിപിഴച്ച വിശ്വാസം. അത് നമുക്ക് ഖുതുബാത്തിലൂടെ ഇപ്രകാരം വായിക്കാം:

“നമസ്കാരം അല്ലാഹുവിൻെറ കല്പനയായതുകൊണ്ട് നിർബന്ധമാണെന്നു ഗ്രഹിച്ച ഒരാൾ കൃത്യമായി അതു നിർവഹിക്കുന്നപക്ഷം - അതിൽ ചൊല്ലുന്നതിൻെറയും പ്രാർത്ഥിക്കുന്നതിൻെറയും അർഥമോ ഉദ്ദേശ്യമോ ഗ്രഹിച്ചില്ലെന്നു വന്നാൽപോലും - അവൻെറ ഹൃദയത്തിൽ അല്ലാഹുവിനെക്കുറിച്ചുള്ള ഭയഭക്തിയും, അല്ലാഹു എല്ലാ സ്ഥലത്തും ഹാജറുള്ളവനും സൃഷ്ടികളുടെ സകലവിധ ചലനങ്ങളും കാണുന്നവനുമാണെന്ന ദൃഢവിശ്വാസവും, ദൈവസന്നിധിൽ ഒരിക്കൽ ഹാജരാകേണ്ടിവരുമെന്ന ബോധവും സ്ഥിരമായി നില്ക്കുമെന്നും നമസ്കാരത്തിൻെറ മേലുദ്ധരിച്ച സവിശേഷതകളിൽനിന്നു മനസിലാക്കാവുന്നതാണ്.” (ഖുതുബാത്ത്, നമസ്കാരത്തിൽ നാം എന്താണ് ചൊല്ലുന്നത്?)

എത്രമാത്രം അപകടകരമായ വിശ്വാസമാണ് ജമാഅത്തെ ഇസ്ലാമി സമുദായത്തിൽ പ്രചരിപ്പിക്കുന്നത്. അള്ളാഹു എല്ലാ സ്ഥലത്തുമുള്ളവനാണെന്ന പിഴച്ച വിശ്വാസം നാം സ്വീകരിക്കുവാൻ പാടുള്ളതല്ല. അബ്ദുല്ലാഹിബ്നുൽ മുബാറക് (റഹി) പറയുന്നതായി ഇമാം ഹാകിം (റഹി) ഉദ്ധരിക്കുന്നു:

**قَالَ الْحاكم : وأخبرنا أبو بكْر محمد بن داود الزاهد حدثنا محمد بن عبد الرحمن الشامي حدثَنِي عبد الله بن أحمد بن سيبويه الْمروزي قَالَ سمعت علي بن الْحسن بن شقيق يقُول سمعت عبد الله بن الْمبارك يقُول " نعرف ربنا فَوق سبع سماوات على الْعرش استوى ، بائن من خلْقه ولَا نقُول كَما قَالَت الْجهمِيةُ : إنه هاهنا ، وأشار إلَى الْأَرض "**

“നമ്മുടെ രക്ഷിതാവ് ഏഴാകാശങ്ങൾക്ക് മീതെ സൃഷ്ടികളിൽ നിന്ന് വേറിട്ട് സിംഹാസനാരോഹിതനാണെന്ന് നാം മനസിലാക്കുന്നു. ഭൂമിയിലേക്ക് ചൂണ്ടികൊണ്ട് (അദ്ദേഹം തുടർന്നു) ജഹ്മിയ്യാക്കൾ പറയുന്നത് പോലെ അല്ലാഹു ഇവിടെയൊക്കെ ഉണ്ട് എന്ന് നാം പറയുന്നില്ല”(ഹാകിം, ഉലൂമുൽ ഹദീസ്)

അല്ലാഹു ഉപരിയിലാണെന്നത് ഖുർആനിലൂടെയും ഹദീസിലൂടെയും സ്ഥിരപ്പെട്ടുവന്നതാണ്. എന്നാൽ ഇവരണ്ടിനെയും ഒരുമിച്ചുതന്നെ സൂറഃ മുൽകിൻെറ 16-ാം ആയത്തിലൂടെ തഫ്ഹീമുൽ ഖുർആനിലെ വിശദീകരണം വഴി നി

ഷേധിക്കുകയാണ് ജമാഅത്തെ ഇസ്ലാമി ചെയ്യുന്നത്. പ്രസ്തുത ആയത്തിന് മൗദൂദി നല്കിയ അർത്ഥം ആദ്യം വായിക്കാം:

ءَأَمِنتُم مَّن فِي ٱلسَّمَآءِ أَن يَخۡسِفَ بِكُمُ ٱلۡأَرۡضَ فَإِذَا هِيَ تَمُورُ

''ആകാശത്തുള്ളവൻ നിങ്ങളെ ഭൂമിയിൽ ആഴ്ത്തിക്കളയുന്നതിനെയും അപ്പോൾ പെട്ടെന്ന് ഈ ഭൂമി വിറകൊള്ളുന്നതിനെയും കുറിച്ച് നിങ്ങൾ നിർഭയരാണോ?''

ഇനി 'ആകാശത്തുള്ളവൻ' എന്ന ഖുർആനിൻെറ പ്രയോഗത്തിന് മൗദൂദി നല്കിയ വ്യാഖ്യാനം ശ്രദ്ധിക്കുക:

''അല്ലാഹു ആകാശത്ത് വസിക്കുന്നു എന്നല്ല ഇതിന്നർഥം. പ്രത്യുത, മനുഷ്യൻ ദൈവത്തിലേക്ക് മടങ്ങാൻ ആഗ്രഹിക്കുമ്പോൾ പ്രകൃത്യാ അവൻ ആകാശത്തേക്ക് നോക്കുന്നു എന്ന വസ്തുത പരിഗണിച്ചുകൊണ്ടുള്ള ഒരു പ്രസ്താവനയാണിത്. നാം പ്രാർത്ഥിക്കുമ്പോൾ ആകാശത്തേക്ക് കൈയുയർത്തുന്നു. ഒരാപത്ത് വരുകയും സകല അവലംബങ്ങളിലും നിരാശനാവുകയും ചെയ്യുമ്പോൾ ആകാശത്തേക്ക് മുഖം തിരിച്ച് ദൈവത്തോട് കേഴുന്നു. ആകസ്മികമായ ഒരത്യാഹിതമുണ്ടാകുമ്പോൾ അത് മുകളിൽനിന്ന് ഇറക്കപ്പെട്ടതാണെന്ന് പറയുന്നു. അസാധാരണമായ രീതിയിൽ ഉണ്ടാകുന്ന സംഗതികളെക്കുറിച്ച് ഇത് ഉപരിലോകത്തുനിന്ന് വന്നതാണെന്നു പറയുന്നു. അല്ലാഹുവിനാൽ അയയ്ക്കപ്പെട്ട വേദങ്ങളെ ആകാശ ഗ്രന്ഥങ്ങൾ എന്നു പറയുന്നു. അബൂദാവൂദ് ഹ. അബൂഹുറയ്റയിൽനിന്ന് ഉദ്ധരിക്കുന്നു: 'ഒരാൾ ഒരു കറുത്ത അടിമപ്പെണ്ണിനെയും കൊണ്ട് നബി (സ)യുടെ സന്നിധിൽ ഹാജരായിട്ട് ബോധിപ്പിച്ചു: ഒരു വിശ്വാസിയായ അടിമയെ മോചിപ്പിക്കുക എനിക്ക് നിർബന്ധ ബാധ്യതയായിത്തീർന്നിരിക്കുന്നു. ഞാൻ ഈ അടിമസ്ത്രീയെ സ്വതന്ത്രയാക്കിയാൽ മതിയാവുമോ? തിരുമേനി ആ അടിമ സ്ത്രീയോട് ചോദിച്ചു: 'അല്ലാഹു എവിടെയാണ്?' അവൾ വിരൽ ആകാശത്തിന് നേരെ ചൂണ്ടി. തിരുമേനി ചോദിച്ചു: 'ഞാൻ ആരാണ്?' അവൾ ആദ്യം തിരുമേനിയുടെ നേരെയും പിന്നീട് ആകാശത്തിലേക്കും ചൂണ്ടി. അതിൻെറ ആശയം വ്യക്തമായിരുന്നു: അദ്ദേഹം അല്ലാഹുവിങ്കൽനിന്ന് വന്നതാണെന്ന്. തുടർന്ന് തിരുമേനി പറഞ്ഞു: അവളെ മോചിപ്പി

ച്ചുകൊള്ളുക. അവൾ വിശ്വാസിനിയാണ്’. (ഏതാണ്ടിതുപോലുള്ള നിവേദനങ്ങൾ മുവത്വ, മുസ്‌ലിം, നസാഇ എന്നിവയിലും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.) ഹ. ഖൗല ബിൻതു ഥഅ്‌ലബയെക്കുറിച്ച് ഹ. ഉമർ ഒരിക്കൽ ആളുകളോട് പറഞ്ഞു: ‘ഏഴ് ആകാശങ്ങളിൽ ആവലാതി കേൾപ്പിക്കപ്പെട്ട വനിതയാണിവർ’ (സൂറഃ മുജാദിലയുടെ രണ്ടാം നമ്പർ വ്യാഖ്യാനക്കുറിപ്പിൽ ഈ സംഗതി നാം വിശദമായി ഉദ്ധരിച്ചിട്ടുണ്ട്.) ഈ കാര്യങ്ങളിൽനിന്നെല്ലാം വ്യക്തമാവുന്നത് മനുഷ്യൻ ദൈവത്തെ സങ്കല്പിക്കുമ്പോൾ അവന്റെ മനസ്സ് താഴെ ഭൂമിയിലേക്കല്ല, മുകളിൽ ആകാശത്തേക്കാണ് പ്രകൃത്യാ പോകുകയെന്നത്രേ. ഇക്കാര്യം പരിഗണിച്ചുകൊണ്ട് ഇവിടെ അല്ലാഹുവിനെ സംബന്ധിച്ച് من فى السمآءِ (ആകാശത്തിലുള്ളവൻ) എന്ന വാക്കുപയോഗിച്ചിരിക്കുകയാണ്. വിശുദ്ധ ഖുർആൻ അല്ലാഹു ആകാശത്ത് വസിക്കുകയാണ് എന്ന് പ്രസ്താവിച്ചതായി സന്ദേഹിക്കുവാനുള്ള പഴുതൊന്നും ഇതിലില്ല. ഈ സൂറഃയുടെ ആരംഭത്തിൽ ‘ഏഴ് ആകാശങ്ങളെ പടിപടിയായി സൃഷ്ടിച്ചവൻ’ എന്നും സൂറഃ അൽബഖറയിൽ فَأَينما تولوا فثم وجه الله (നിങ്ങൾ എങ്ങോട്ട് തിരിഞ്ഞാലും അവിടെ അല്ലാഹുവിന്റെ മുഖമുണ്ട്) എന്നും പ്രസ്താവിച്ചിരിക്കെ ഇങ്ങനെയൊരു സംശയത്തിന് എന്ത് സാംഗത്യം?” (തഫ്ഹീമുൽ ഖുർആൻ, സൂറഃ മുൽക് 16-ാം ആയത്തിന്റെ വ്യഖ്യാനം)

‘നിങ്ങൾ എങ്ങോട്ട് തിരിഞ്ഞാലും അവിടെ അല്ലാഹുവിന്റെ മുഖമുണ്ട്’ എന്ന ആയത്തിന് പൂർവ്വകാല മുഫസ്സിറുകളിൽ ആരും തന്നെ അല്ലാഹു എല്ലാ സ്ഥലത്തും ഹാജറുള്ളവനാണ് എന്ന നിലക്ക് വ്യാഖ്യാനിച്ചിട്ടില്ല. ഖുർആനിലൂടെയും ഹദീസിലൂടെയും പകൽ വെളിച്ചം പോലെ വ്യക്തമായ കാര്യമാണ് അല്ലാഹു ആകാശത്താണ് എന്നുള്ളത്. അതുകൊണ്ടാണ് നബി(ﷺ)യുടെ മരണവാർത്ത കേട്ട ഉടനെ അത് വിശ്വസിക്കാൻ തയ്യാറാകാതിരുന്ന ഉമർ(ؓ)വിന് മറുപടിയായി കൊണ്ട് അബൂബകർ(ؓ) ഇപ്രകാരം പ്രസ്താവിച്ചത്:

من كان يعبد محمدا فإن محمدا قد مات و من كان يعبد الله فإن الله في السماء حي لا يموت – المستدرك 102/1

“ആരെങ്കിലും മുഹമ്മദിനെയാണ് ആരാധിച്ചിരുന്നതെങ്കിൽ മുഹമ്മദ് മരണപ്പെട്ടു കഴിഞ്ഞു. ആരെങ്കിലും അല്ലാഹുവിനെ ആരാധിച്ചിരുന്നുവെങ്കിൽ അല്ലാഹു മരിക്കാതെ ആകാശത്ത് ജീവനോടെയുണ്ട്” (മുസ്തദ്റക് 1/102)

പക്ഷെ മൗദൂദി സാഹിബ് ഇതൊന്നും പരിഗണിക്കാതെ ഖുതുബാത്തിലെ ‘നമസ്കാരത്തിൽ നാം എന്താണ് ചൊല്ലുന്നത്’ എന്നിടത്ത് വിശദീകരിച്ച പോലെ 'അല്ലാഹു എല്ലാ സ്ഥലത്തും ഹാജറുള്ളവനാണ്' എന്ന വഴിപിഴച്ച വിശ്വാസം സ്ഥാപിക്കാൻ ശ്രമിക്കുകയാണ്. അതോടൊപ്പം അല്ലാഹുവിൻെറ ഔന്നിത്യത്തെ (علو) സംബന്ധിച്ച് പ്രമാണങ്ങളിൽ വന്ന തെളിവുകളെല്ലാം നിരാകരിക്കുകയുമാണ്. അതിൻെറ ഉദാഹരണമാണ് അടിമ സ്ത്രീയുടെ വിശ്വാസത്തെ നബി(ﷺ) പരീക്ഷിച്ചുനോക്കിയ ഹദീസിനെ അദ്ദേഹം ദുർവ്യാഖ്യാനിച്ചത്. മനുഷ്യൻ ദൈവത്തെ സങ്കല്പിക്കുമ്പോൾ അവൻെറ മനസ് ആകാശത്തേക്ക് പ്രകൃത്യാ പോകുകയാണന്ന വിശദീകരണം വഴി മൗദൂദി തത്വത്തിൽ ആ ഹദീസുംതന്നെ നിഷേധിക്കുകയാണ് ചെയ്യുന്നത്. മൗദൂദി നിഷേധിച്ച ഹദീസിൻെറ ശർഹുകൾ പരിശോധിച്ചാൽ മനസിലാക്കാം, എത്ര മാത്രം ഗുരുതരമായ പാതകമാണ് ഇതുവഴി സംഭവിച്ചിരിക്കുന്നത് എന്ന്. അതിൽനിന്നും പ്രധാനപ്പെട്ട ഏതാനും ഉദ്ധരണികൾ താഴെ:

അബൂദാവൂദിൻെറ ശർഹായ ഔനുൽ മഅ്ബൂദിൽ പറയുന്നു:

**فيه إِثْبات أن الله تبارك وتعالى في السماء . قَالَ الذهبي في كتاب الْعلُو بِإِسناده إِلى أَبِي مطيع الْحكَم بن عبد الله الْبلْخي صاحب الْفقْه الْأَكْبر قَالَ : " سألت أَبا حنِيفَة عمن يقُول لَا أعرف ربي في السماء أو في الْأَرض ، فَقَالَ قَد كَفَر لأَن الله تعالَى يقُول ( الرحمن علَى الْعرش استوى ) : وعرشه فَوق سماواته فَقُلْت إِنه يقُول أَقُول علَى الْعرش استوى ولَكن قَالَ لَا يدرِي الْعرش في السماء أو في الْأَرض قَالَ إِذَا أَنكَر أَنه في السماء فَقَد كَفَر " انتهى (عون المعبود - (ج 7 / ص 271) -**

“അല്ലാഹു ഉപരിയിലാണെന്ന് ഈ ഹദീസ് സ്ഥിരീകരിക്കുന്നുണ്ട്. ഇമാം ദഹബി (റഹി) തൻെറ ‘അൽഉലുവ്വ്’ എന്ന ഗ്രന്ഥത്തിൽ ഇമാം ബൽഖി (റഹി)യിലേക്ക് എത്തുന്ന പരമ്പര സഹിതം ഉദ്ധരിക്കുന്നു, ഇമാം ബൽഖി പറയുന്നു: ‘എൻെറ റബ്ബ് ഉപരിയിലാണോ ഭൂമിയിലാണോ എന്നെനിക്ക് അറിയില്ല എന്ന് പറയുന്ന ഒരാളുടെ വിധിയെന്താണെന്ന്’ ഞാൻ ഇമാം അബൂഹനീഫ(റഹി)യോട് ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: ‘തീർച്ചയായും അയാൾ  കാഫിറായി. കാരണം, അല്ലാഹു പറയുന്നു: الرَّحْمَن

عَلَى الْعَرْشِ اِسْتَوَى (പരമകാരുണികൻ സിംഹാസനാരോഹിതനായി). അല്ലാഹുവിൻെറ സിംഹാസനം (അർശ്) ആകാശങ്ങൾക്ക് മീതെയാണ്.' അപ്പോൾ ഞാൻ പറഞ്ഞു: 'അയാൾ പറയുന്നു, അല്ലാഹു സിംഹാസനാരോഹിതനാണെന്നത് ഞാൻ അംഗീകരിക്കുന്നു. എന്നാൽ സിംഹാസനം ഉപരിയിലാണോ ഭൂമിയിലാണോ എന്നറിയില്ല.' അബൂഹനീഫ(റഹി) പറഞ്ഞു: 'അപ്പോൾ ഉപരിയിലാണെന്ന വസ്തുത അയാൾ നിഷേധിച്ചു. അതിനാൽ അയാൾ കാഫിറായി'. (ഔനുൽ മഅ്ബൂദ് വാല്യം 7 പേജ് 271)

ഔനുൽ മഅ്ബൂദിൽ തുടർന്നു പറയുന്നു:

**. ويقُول الأوزاعي " كُنا والتابِعونَ متوافرونَ نقُول إن الله عز وجل فَوق عرشه ، ونؤمن بِما وردت بِه السنة من صفَاته " أخرجه البيهقي في كتاب الأسماء والصفَات وقَالَ عبد الله أحمد بن حنبل في الرد على الجهمية : حدثَنِي أبِي حدثَنا شريح بن النعمان عن عبد الله بن نافع قَالَ مالك بن أنس : " الله في السماء وعلْمه في كُلّ مكَان ، لَا يخلُو منه شيء "**

**-عون المعبود - (ج 7 / ص 271**

ഇമാം ഔസാഇ (റഹി) പറയുന്നു: 'താബിഈങ്ങൾ ധാരാളം ഉണ്ടായിരിക്കെ ഞങ്ങൾ പറയുമായിരുന്നു, നിശ്ചയം, അല്ലാഹു അവൻെറ അർശിന് മീതെയാണ്. അല്ലാഹുവിൻെറ വിശേഷണങ്ങളെ സംബന്ധിച്ച് സുന്നത്തിൽ വന്നത് പോലെ ഞങ്ങൾ വിശ്വസിക്കുകയും ചെയ്യുന്നു. ഇമാം ബൈഹഖി (റഹി) തൻെറ അൽ അസ്മാഉ വ സ്വിഫാത്ത് എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചതാണിത്. ഇമാം അഹ്മദ് (റഹി) അർറദ്ദു അലൽ ജഹ്മിയ്യ എന്ന ഗ്രന്ഥത്തിൽ ഇമാം മാലികി(റഹി)ൽ നിന്ന് ഉദ്ധരിക്കുന്നു: 'അല്ലാഹു ഉപരിയിലാണ്. അവൻെറ അറിവ് എല്ലായിടത്തുമുണ്ട്. ഒന്നും അതിൽനിന്നൊഴിവല്ല.' (ഔനുൽ മഅ്ബൂദ് വാല്യം 7 പേജ് 271)

ഇമാം ഹാകിം (റഹി) ഇബ്നു ഖുസൈമ (റഹി)യിൽ നിന്നും ഉദ്ധരിക്കുന്നു:

**من لَم يقر بِأَن الله علَى عرشه قَد استوى فَوق سبع سماواته فَهو كَافر بِه يستتاب فَإنْ تاب وإِلَا ضربت عنقه وأُلْقي علَى بعض الْمزابِل حيثُ لَا يتأَذى الْمسلمونَ ولَا المعاهدونَ بِنتنِ رِيح جِيفَته ، وكَانَ ماله فَيئًا لَا يرِثه أحد من المسلمين ، إِذْ الْمسلم لَا يرِث الْكَافر( أبو عبد الله الحاكم في علُوم الْحديث في النوع العشرين)**

“അല്ലാഹു ഏഴ് ആകാശങ്ങൾക്ക് മുകളിൽ അവൻെറ സിംഹാസനത്തിൻമേൽ ആരോഹിതനാണ് എന്നത് ആരെങ്കിലും അംഗീകരിച്ചിട്ടില്ലെങ്കിൽ അക്കാരണത്താൽ അയാൾ കാഫിറാണ്. അയാളോട് പശ്ചാത്തപിക്കുവാൻ ആവശ്യപ്പെടണം. അങ്ങനെ അയാൾ പശ്ചാത്തപിച്ചാൽ (പശ്ചാത്താപം സ്വീകരിക്കും). ഇല്ലെങ്കിൽ അയാളുടെ കഴുത്ത് വെട്ടുകയും, മുസ്‌ലിംകൾക്കും അവരുമായി കരാറിലുള്ള അമുസ്‌ലിംകൾക്കും അയാളുടെ മൃതശരീരത്തിൻെറ ദുർഗന്ധംകൊണ്ട് ഉപദ്രവം ഇല്ലാതിരിക്കാൻ വല്ല കുപ്പത്തൊട്ടിയിലും അത് എറിയുകയും വേണം. അയാളുടെ സ്വത്ത് ശത്രുക്കൾ ഒഴിവാക്കിയ സ്വത്തായി (ഫൈഅ്) കണ്ടുകെട്ടുകയും വേണം. മുസ്‌ലിംകളിൽ ആരും തന്നെ അയാളുടെ അനന്തരാവകാശി ആവുകയുമില്ല. കാരണം മുസ്‌ലിം ഒരു കാഫിറിനെ അനന്തരമെടുക്കുകയില്ല.”(ഇമാം ഹാകിം (റഹി), ഉലൂമുൽ ഹദീസ്)

അല്ലാഹുവിൻെറ ഉലുവ്വിനെ നിഷേധിക്കുന്ന ഒരു വ്യക്തിയെ പശ്ചാത്തപി ക്കാൻ പ്രേരിപ്പിക്കേണ്ടതുണ്ടെന്നും അതിന്ന് അവൻ തയ്യാറാകാത്തപക്ഷം അവൻെറ കഴുത്തെടുക്കേണ്ടത് ഭരണാധികാരിയുടെ ധർമ്മമാണെന്നും മഹാൻമാരായ പണ്ഡിതൻമാർ അഭിപ്രായപ്പെട്ടതിൽ നിന്ന് വിഷയത്തി ൻെറ ഗൗരവം നമ്മുക്ക് ബോധ്യപ്പെടുന്നുണ്ട്. മരിച്ചു മൺമറിഞ്ഞുപോയ മൗദൂദി സാഹിബിനെ ഇതിൻെറ പേരിൽ കാഫിറാക്കുവാൻ ശ്രമിക്കുകയല്ല ഈ ലേഖനത്തിൻെറ ഉദ്ദേശ്യം. മറിച്ച് അതിഗുരുതരമായ ഒരു തെറ്റ് പരി ശുദ്ധ ഖുർആൻ വ്യാഖ്യാനം വഴിയും മറ്റു ഗ്രന്ഥങ്ങൾ വഴിയും ജമാഅത്തെ ഇസ്‌ലാമി പഠിപ്പിക്കുമ്പോൾ അത് ശ്രദ്ധയിൽ പെടുത്താനും ഇത്തരം പിഴച്ച വിശ്വാസങ്ങൾ വലിച്ചെറിഞ്ഞ് ശരിയായ ആദർശത്തിലേക്ക് തിരിച്ചുവരണം എന്ന് ജീവിച്ചിരിക്കുന്നവരോട് അപേക്ഷിക്കുവാനുമാണ് ഈ എളിയ ശ്രമം.

അങ്ങനെ ഒരു തിരിച്ചുവരവിന് ജമാഅത്തുകാർ തയ്യാറാകുന്നില്ലെങ്കിലോ...? അറിയുക, മുകളിൽ വായിച്ച ഉദ്ധരണികൾ ഒരു പക്ഷെ അവർക്കും ബാധകമായെന്നു വന്നേക്കും. അല്ലാഹു നമ്മെ ഏവരെയും കാത്ത് രക്ഷി ക്കുമാറാകട്ടെ, ആമിൻ.